**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5996 07/07/2014-ൽ മറുപടിയ്ക്ക്

# നെയ്യാറ്റിൻകര മണ്ഡലത്തിൽ തെങ്ങ് കൃഷി പരിപോഷിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ് | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും** അച്ചടിയും സ്റ്റേഷനറിയും **വകുപ്പു മന്ത്രി)** |
| എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ തെങ്ങ് കൃഷി പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കി-യിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം, പെരുമ്പഴുതൂർ, അതിയന്നൂർ പഞ്ചായത്തുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും കേന്ദ്ര നാളികേര വികസന ബോർഡിന്റെ തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതിയും രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതി പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർക്കായുള്ള നാളികേര വികസന പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. |
| ബി) കേടായ തെങ്ങ് മുറിച്ച് മാറ്റി പകരം തെങ്ങിൻതൈയെയും, വളവും നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ ഇത്തരത്തിൽ നടന്ന പ്രവൃത്തികളുടെ കണക്ക് കൃഷി ഭവൻ തിരിച്ച് വ്യക്തമാക്കാമോ; | ബി) ഉണ്ട്.<br>നാളികേര വികസന ബോർഡ് മുഖേനയുള്ള തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടേയും ആർ.കെ.വി.വൈ പദ്ധതി പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർക്കായുള്ള നാളികേര വികസന പദ്ധതിയുടേയും കൃഷി ഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| സി) കൃഷിവകുപ്പ് നൽകുന്ന രാസവളം എവിടെ നിന്നാണ് വാങ്ങുന്നതെന്നും, ഈ ഇനത്തിൽ എത്ര രൂപയുടെ ഉത്തരവാണ് 2010 മുതൽ 2014 വരെ നൽകിയിട്ടുള്ളതെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | സി) ഒരു പദ്ധതിയിലൂടെയും കൃഷി വകുപ്പ് നേരിട്ട് വളം ലഭ്യമാക്കുന്നില്ല. കർഷകർ രാസവളങ്ങളും, ജൈവ വളങ്ങളും നേരിട്ട് വാങ്ങുകയും അർഹമായ സബ്സിഡി തുക ഇ-പേയ്മെന്റ് വഴി കർഷകരുടെ അക്കൗണ്ടിൽ ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ പ്രത്യേക ഉത്തരവുകൾ ഒന്നും ഇക്കാര്യത്തിൽ കൃഷി വകുപ്പ് നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | എഫ്.എ.സി.റ്റി. പോലുള്ള സർക്കാർ സ്ഥാപനത്തിനാണോ പ്രസ്തുത ഉത്തരവ് നൽകിയതെന്നും അല്ലെങ്കിൽ മറ്റ് ഏജൻസികൾക്ക് നൽകിയതിന്റെ കാരണവും വ്യക്തമാക്കാമോ; | ഡി) | ബാധകമല്ല. |
| ഇ) | എഫ്.എ.സി.റ്റി.യിൽ നിന്നും അല്ലാതെ കൃഷി വകുപ്പ് വാങ്ങിയ രാസവളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്ന ഏജൻസി ഏതാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ? | ഇ) | രാസവളങ്ങളുടെ ഗുണമേന്മ പരിശോധന കൃഷി വകുപ്പിനു കീഴിലുള്ള രാസവളഗുണനിലവാരം പരിശോധന ലാബ് പാറോട്ടുകോണം, തിരുവനന്തപുരം മുഖേനയാണ് നടത്തി വരുന്നത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## സി.ഡി.ബി പദ്ധതി - കൃഷിഭവൻ തിരിച്ചുള്ള വിശദവിവരം

| ക്രമ നം | കൃഷിഭവൻ | മുറിച്ചുമാറ്റിയ തെങ്ങുകളുടെ എണ്ണം | നൽകിയ തുക | വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ എണ്ണം |
|---|---|---|---|---|
| | **പാറശ്ശാല ബ്ലോക്ക്** | | | |
| 1. | ചെങ്കൽ | 8330 | 4141000/- | 3550 |
| 2. | കാരോട് | 5278 | 2606000/- | 1800 |
| 3. | കുളത്തൂർ | 5881 | 2892000/- | 1850 |
| 4. | തിരുപ്പുറം | 9449 | 4703000/- | 3450 |
| | **ആര്യങ്കോട് ബ്ലോക്ക്** | | | |
| 5. | പെരുമ്പഴുതൂർ | 9100 | 4502000 | 4485 |
| | നെയ്യാറ്റിൻകര ബ്ലോക്ക് | | | |
| 6. | അതിയന്നൂർ | 3662 | 1811250/- | 1300 |
| 7. | നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി | 4686 | 2314500/- | 1800 |

## II ആർ.കെ.വി.വൈ പദ്ധതി - കൃഷിഭവൻ തിരിച്ചുള്ള വിശദവിവരം

| ക്രമ നം | കൃഷിഭവൻ | മുറിച്ചുമാറ്റിയ തെങ്ങുകളുടെ എണ്ണം | വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ എണ്ണം | വളം വിതരണം ചെയ്ത തെങ്ങുകളുടെ എണ്ണം | അനുവദിച്ച സബ്സിഡി തുക(രൂപ) |
|---|---|---|---|---|---|
| | **പാറശ്ശാല ബ്ലോക്ക്** | | | | |
| 1. | ചെങ്കൽ | 1000 | 1000 | 17500 | 87000 |
| 2. | കുളത്തൂർ | 500 | 500 | 8750 | 43500 |
| 3. | തിരുപ്പുറം | 750 | 750 | 13125 | 65250 |
| 4. | കാരോട് | 750 | 750 | 13125 | 65250 |
| | **ആര്യങ്കോട് ബ്ലോക്ക്** | | | | |
| 5. | പെരുമ്പഴുതൂർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | **നെയ്യാറ്റിൻകരബ്ലോക്ക്** | | | | |
| 6. | അതിയന്നൂർ | 215 | ഇല്ല | 8282 | 24846 |
| 7. | നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി | 334 | ഇല്ല | 15479 | 46437 |

സെക്ഷൻ ഓഫീസർ